തൃശ്ശൂർ	37,37,758
പാലക്കാട്	13,20,442
മലപ്പുറം	13,18,876
കോഴിക്കോട്	17,34,150
വയനാട്	2,91,081
കണ്ണൂർ	6,52,941
കാസർഗോഡ്	17,98,748
ആകെ	2,28,56,229

(ഡി) ലഭ്യമായ കണക്കുകൾ പ്രകാരം 26,70,288 രൂപ ലഭിച്ചിട്ടുണ്ട്.

കൊല്ലം ജില്ലാ സഹകരണ ബാങ്കിൽ ക്ലാർക്ക്/കാഷ്യർ തസ്തികയിലേക്ക് നിയമനം

191 [1509] ശ്രീ. എഴുകോൺ നാരായണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം ജില്ലാ സഹകരണ ബാങ്കിൽ ക്ലാർക്ക്/കാഷ്യർ തസ്തികയിലേക്ക് നിയമനത്തിന് പി.എസ്.സി. റാങ്ക് ലിസ്റ്റ് നിലവിലുള്ള വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത ലിസ്റ്റിൽനിന്ന് എത്ര പേർക്ക് നിയമനം നൽകിയെന്ന് കാറ്റഗറി തിരിച്ച് വ്യക്തമാക്കാമോ;

(സി) വിവിധ ശാഖകളിലായി ഇപ്പോൾ എത്ര ഒഴിവുകൾ നിലവിലുണ്ടെന്ന് വ്യക്തമാക്കാമോ;

(ഡി) പ്രസ്തുത ഒഴിവുകൾ നികത്തുന്നതിന് അടിയന്തിര നിർദ്ദേശം നൽകുമോ; ഇത് സംബന്ധിച്ച വിശദാംശം വ്യക്തമാക്കാമോ?

ഉത്തരം

(എ) കൊല്ലം ജില്ലാ സഹകരണ ബാങ്കിൽ ക്ലാർക്ക്/കാഷ്യർ തസ്തികയിലേക്ക് നിയമനത്തിന് 31-12-2004 വരെ കാലാവധിയുള്ള പി.എസ്.സി. ലിസ്റ്റ് ഉണ്ടായിരുന്നു.

(ബി) വ്യക്തമാക്കാം. പ്രസ്തുത ലിസ്റ്റിൽനിന്ന് 197 പേർക്ക് നിയമനം നല്കിയിട്ടുണ്ട്.

(സി) നിലവിൽ ഒഴിവുകൾ ഇല്ല.

(ഡി) ബാധകമല്ല.

2/2313/2012/DTP.

LIBRARY ARCHIVES Kerala Legislative Assembly